# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 3908 — 12.12.2018 ൽ മറുപടിക്ക്

### ഐ.എം.പി ഫിനാൻസിനെതിരെയുള്ള കേസ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.അനിൽ അക്കര | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) തിരുവനന്തപുരം പാറശ്ശാല തോട്ടപ്പവിള വീട്ടിൽ എം.നസീമ, വിളവൻകോട് താലൂക്കിൽ (തമിഴ്നാട്) പടന്താലുംമൂട് ഉണ്ണി എന്നറിയപ്പെടുന്ന ഐ.എം.പി ഭവനിൽ വിശ്വം എന്ന വ്യക്തി നടത്തുന്ന ഐ.എം.പി ഫിനാൻസിൽ നിന്നും കേരള സംസ്ഥാനത്ത് പാറശ്ശാലയിലെ ഗാന്ധി പാർക്കിന് സമീപമുള്ള എൻ.എം ബിൽഡിംഗ് പ്രമാണം ചെയ്തു കൊടുത്ത് 7 ലക്ഷം രൂപ വാങ്ങിയത് സംബന്ധിച്ചുള്ള പരാതിയിൽ കേരള ഹൈക്കോടതി വിധിയിന്മേൽ സംസ്ഥാന പോലീസ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (എ) പാറശ്ശാല വില്ലേജിൽ തോപ്പവിള ലക്ഷ്മി മന്ദിരത്തിൽ മുരുകൻ ഭാര്യ നസീമ ബീവിയുടെ മൊഴിയുടെ അടിസ്ഥാനത്തിൽ ഉണ്ണി എന്ന് വിളിക്കുന്ന വിശ്വനെതിരെ പാറശ്ശാല പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 256/2015 u/s 420 IPC Sec.3 of Prohibition of Charging Exorbitant Interest Act.2012 പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും ടി കേസ് അന്വേഷണം പൂർത്തിയാക്കി ബഹു.നെയ്യാറ്റിൻകര JFMC-II മുമ്പാകെ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. N2.WP(C) 26661/18 നമ്പരായി ഈ കേസ് അന്വേഷണം നടത്തി ഫൈനൽ റിപ്പോർട്ട് സമർപ്പിക്കണമെന്നും ആയതിന്റെ വിശദവിവരം 14.08.2018 ന് ബഹു. നെയ്യാറ്റിൻകര JFMC-II മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വിവരം കാണിച്ച് ബഹു.ഹൈക്കോടതിക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) ഈ വിഷയത്തിൽ അന്വേഷണം നടത്തിയ ഉദ്യോഗസ്ഥന്റെ പേര് വിവരം വെളിപ്പെടുത്തുമോ; | (ബി) പാറശ്ശാല പോലീസ് സബ് ഇൻസ്പെക്ടർ, ശ്രീ.ഡി.ബിജുകുമാർ, ആർ.ജോൺസൺ GSI എന്നിവരാണ് അന്വേഷണം നടത്തിയത്. |
| (സി) പടന്താലുംമൂട് ഉണ്ണി എന്നറിയപ്പെടുന്ന ഐ.എം.പി ഭവനിൽ വിശ്വം എന്ന വ്യക്തിക്കെതിരെ സംസ്ഥാനത്ത് എത്ര കേസ്സുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നും പ്രസ്തുത കേസ്സുകളും നിലവിലെ സ്ഥിതിയും ലഭ്യമാക്കുമോ? | (സി) പാറശ്ശാല പോലീസ് സ്റ്റേഷനിലെ Crime No.256/2015 പ്രകാരം ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ